നം:യു5/64907/08
തീയതി. /02/2014
കേരളം, പോലീസ് ആസ്ഥാനം
തിരുവനന്തപുരം

## സർക്കുലർ നം. 1/2014

വിഷയം:- പോലീസിനു നേരിട്ടു കേസെടുക്കാവുന്ന (കൊഗ്നൈസബിൾ ക്രൈം) പരാതികളിൻമേൽ FIR രജിസ്റ്റർ ചെയ്തുള്ള അന്വേഷണം - ബഹു. സുപ്രീം കോടതി വിധിന്യായം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

സൂചന:- ബഹു സുപ്രീം കോടതിയിലെ റിട്ട് പെറ്റീഷൻ (ക്രിമിനൽ) 2008 ലെ 68-ാം നമ്പർ കേസും, മറ്റു കേസുകളും സംബന്ധിച്ച് വിധിന്യായം (ലളിതകുമാരി Vs ഉത്തർപ്രദേശ് സർക്കാർ).

പോലീസിനു ലഭിക്കുന്ന പരാതികളിൻമേൽ FIR രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുന്നതുമായി ബന്ധപ്പെട്ട് ബഹു: സുപ്രീം കോടതി വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു.

ഒരു കൊഗ്നൈസബിൾ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥനു വിവരം ലഭിച്ചാൽ പോലീസ് ഉദ്യോഗസ്ഥൻ ടി കാര്യത്തിൽ FIR രജിസ്റ്റർ ചെയ്യുവാൻ ബാധ്യസ്ഥനാണോ എന്നും, ക്രിമിനൽ നടപടി നിയമത്തിലെ 154 -ാം വകുപ്പ് FIR രജിസ്റ്റർ ചെയ്യുവാൻ അനുശാസിക്കുന്നുണ്ടോ എന്നും, ലഭിച്ച വിവരം കൊഗ്നൈസബിൾ കുറ്റകൃത്യം വെളിപ്പെടുത്തുന്നതാണെങ്കിൽ മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഒരു പ്രാഥമിക അന്വേഷണം അനുവദനീയമാണോ എന്നുമുള്ള വസ്തുതകൾ ബഹു:സുപ്രീം കോടതിയുടെ 5 അംഗ ബെഞ്ച് പരിശോധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു.

I. ലഭിച്ച വിവരം കൊഗ്നൈസബിൾ കുറ്റകൃത്യം നടന്നതായി വെളിപ്പെടുത്തുന്നതാണെങ്കിൽ, ക്രിമിനൽ നടപടി നിയമത്തിലെ 154-ാം വകുപ്പ് പ്രകാരം FIR രജിസ്റ്റർ ചെയ്യേണ്ടതാണ്. അത്തരം സാഹചര്യത്തിൽ പ്രാഥമിക അന്വേഷണം അനുവദനീയമല്ല.

ii ലഭിച്ച വിവരം ഒരു കൊഗ്നൈസബിൾ കുറ്റകൃത്യം വെളിപ്പെടുത്തുന്നില്ലെങ്കിലും ഒരു അന്വേഷണത്തിന്റെ ആവശ്യകത സൂചിപ്പിക്കുന്നുവെങ്കിൽ, കൊഗ്നൈസബിൾ കുറ്റകൃത്യം വെളിപ്പെടുത്തുന്നുണ്ടോ ഇല്ലയോ, എന്നു ഉറപ്പാക്കുന്നതിനുവേണ്ടി മാത്രം ഒരു പ്രാഥമിക അന്വേഷണം നടത്താവുന്നതാണ്.

III ഒരു കൊഗ്നൈസബിൾ കുറ്റകൃത്യം നടന്നുവെന്ന് അന്വേഷണത്തിൽ വെളിവാകുന്നെങ്കിൽ FIR രജിസ്റ്റർ ചെയ്തിരിക്കണം. പരാതിയിൽ കഴമ്പില്ല എന്നു പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തി, ആയതു രേഖപ്പെടുത്തുന്ന പക്ഷം അപ്രകാരമുള്ള രേഖപ്പെടുത്തലിന്റെ ഒരു പകർപ്പ്, പ്രഥമ വിവരം നൽകിയ ആളിനു ഉടനേ നൽകേണ്ടതും അതു ഒരാഴ്ചക്കുള്ളിൽ ആയിരിക്കുകയും വേണം. പരാതിയിലെ തുടർനടപടികൾ അവസാനിപ്പിക്കുന്നതിനും കൂടുതൽ നടപടികൾ സ്വീകരിക്കാത്തതിനുമുള്ള കാരണങ്ങൾ അതിൽ ചുരുക്കിവെളിപ്പെടുത്തിയിരിക്കുകയും വേണം.

IV കൊഗ്നൈസബിൾ കുറ്റകൃത്യം വെളിപ്പെട്ടു കഴിഞ്ഞാൽ കുറ്റകൃത്യം രജിസ്റ്റർ ചെയ്യുക എന്ന തന്റെ കടമ പോലീസ് ഉദ്യോഗസ്ഥൻ ഒഴിവാക്കുവാൻ പാടുള്ളതല്ല. ഒരു കൊഗ്നൈസബിൾ കുറ്റകൃത്യം നടന്നു എന്നു വെളിപ്പെടുത്തുന്ന വിവരം ലഭിച്ചിട്ടും FIR രജിസ്റ്റർ ചെയ്യാതെ വീഴ്ച വരുത്തുന്ന ഉദ്യേഗസ്ഥന്മാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

V ലഭിച്ച വിവരത്തിന്റെ വിശ്വസനീയതയോ മറ്റോ പരിശോധിക്കുക എന്നതല്ല പ്രാഥമിക അന്വേഷണത്തിന്റെ ഉദ്ദേശ്യം, മറിച്ചു ലഭിച്ച വിവരത്തിൽ ഏതെങ്കിലും കൊഗനൈസബിൾ കുറ്റകൃത്യം വെളിപ്പെടുന്നുവോ എന്നതാകുന്നു.

VI ഏതു കേസുകളിൽ, ഏതു തരം കേസുകളിലാണു പ്രാഥമിക അന്വേഷണം നടത്തേണ്ടത് എന്നത് ഓരോ കേസിന്റയും സാഹചര്യങ്ങളുടേയും വസ്തുതകളടേയും അടിസ്ഥാനത്തിലായിരിക്കണം. പ്രാഥമിക അന്വേഷണം നടത്തേണ്ടുന്ന കേസുകളെ താഴെപ്പറയുന്ന വിഭാഗങ്ങളായി തരംതിരിക്കാവുന്നതാണ്.

(എ) വൈവാഹികതർക്കങ്ങൾ /കുടുംബതർക്കങ്ങൾ

(ബി) വാണിജ്യപരമായ കുറ്റകൃത്യങ്ങൾ

(സി) ചികിത്സാ പിഴവ് കേസുകൾ

(ഡി) അഴിമതി കേസുകൾ

ഇ) ക്രിമിനൽ കുറ്റവിചാരണആരംഭിക്കുന്നതിനു അസാധാരാണ കാലതാമസം ഉണ്ടായിട്ടുള്ള കേസുകൾ, ഉദാഹരണത്തിന് കാലതാമസത്തിന്റെ കാരണം തൃപ്തികരമായി വിശദീകരിക്കാതെ 3 മാസത്തെ കാലതാമസത്തിനു ശേഷം അറിയിച്ച കാര്യം. മേൽപ്പറഞ്ഞവ വിശദീകരണങ്ങൾ മാത്രമാകുന്നു. അല്ലാതെ പ്രാഥമിക അന്വേഷണം നടത്തണം എന്നതിനു വേണ്ടിയുള്ള വ്യവസ്ഥകളല്ല.

VII. കുറ്റാരോപിതന്റെയും പരാതിക്കാരന്റെയും അവകാശങ്ങൾ സംരക്ഷിക്കുന്നതു ഉറപ്പുവരുത്തുമ്പോൾ സമയബന്ധിതമായി വേണം പ്രാഥമിക അന്വേഷണം നടത്തേണ്ടതും ആയത് യതൊരു കാരണവശാലും ഏഴ് ദിവസം കവിയാൻ പാടില്ലാത്തതുമാകുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും കാലതാമസം ഉണ്ടായാൽ അതിനുള്ളകാരണങ്ങൾ ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

VIII ഒരു പോലീസ് സ്റ്റേഷനിൽ ലഭിക്കുന്ന എല്ലാവിവരങ്ങളുടേയും രേഖ, ജനറൽ ഡയറി/ സ്റ്റേഷൻ ഡയറി/ ഡെയ്‌ലി ഡയറി എന്നിവയിൽ ആകയാൽ, കൊഗനൈസബിൾ കുറ്റകൃത്യങ്ങൾ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ആയതു FIR രജിസ്റ്റർ ചെയ്യപ്പെട്ടതോ അഥവാ ഒരു അന്വേഷണത്തിലേക്ക് നയിക്കുകയോ ചെയ്താലും അതു നിർബന്ധമായും, സുവ്യക്തമായും മേൽ ഡയറിയിൽ പ്രതിഫലിക്കേണ്ടതിനു പുറമേ, പ്രാഥമിക അന്വേഷണം നടത്തുവാൻ എടുത്ത തീരുമാനവും മേൽപ്പറഞ്ഞ പ്രകാരം രേഖപ്പെടുത്തണമെന്നും ബഹു:സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

ബഹു:സുപ്രീം കോടതി പുറപ്പെടുപ്പിച്ചിട്ടുള്ള മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നു ജില്ലാ പോലീസ് മേധാവിമാർ ഉറപ്പുവരുത്തേണ്ടതാണ്.

12/2/16

സംസ്ഥാന പോലീസ് മേധാവി
കേരളം, തിരുവനന്തപുരം

ലിസ്റ്റ് 'ബി' യിലെ എല്ലാ ഓഫീസർമാർക്കും

പകർപ്പ് : പി.എച്ച്.ക്യൂവിലെ എല്ലാ ഓഫീസർമാരുടെയും സി.എ.മാർക്ക്
" : മാനേജർ/ എല്ലാ എസ്.എസ്മാർക്കും/
" : ആർ.എ.സി / സർക്കുലർബുക്ക് / റിക്കോർഡ് / സ്റ്റോക്ക് ഫയൽ.